**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3508** **26-06-2024 - ൽ മറുപടിയ്ക്ക്**

**രജിസ്ട്രേഷൻ വകുപ്പിലെ പൊതു സ്ഥലംമാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി (രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി) | |
| (എ) | രജിസ്ട്രേഷൻ വകുപ്പിൽ ഓൺലൈൻ ട്രാൻസ്ഫർ സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ മാനദണ്ഡം എന്തെന്ന് വിശദമാക്കുമോ; | (എ) | നടപ്പിലാക്കിയിട്ടുണ്ട്. ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ 25.02.2017-ലെ സ.ഉ.(പി) നം. 3/2017/ ഉഭപവ പ്രകാരമുള്ള മാനദണ്ഡങ്ങളാണ് പാലിച്ച് വരുന്നത്. |
| (ബി) | രജിസ്ട്രേഷൻ വകുപ്പിൽ മാന്വൽ സ്ഥലമാറ്റ അപേക്ഷ നിരോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ സാഹചര്യം വ്യക്തമാക്കുമോ; | (ബി) | രജിസ്ട്രേഷൻ വകുപ്പിൽ മാന്വൽ സ്ഥലമാറ്റ അപേക്ഷകൾ നിരോധിച്ചിട്ടില്ല. എന്നാൽ, 'സ്പാർക്ക്' മുഖേനയുള്ള ഓൺലൈൻ സ്ഥലമാറ്റത്തിൽ ഓൺലൈൻ അല്ലാതെ സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ പ്രോസസ്സ് ചെയ്യാൻ സാങ്കേതികമായി കഴിയാത്തതിനാൽ അത്തരം അപേക്ഷകൾ പരിഗണിക്കുന്നതല്ലെന്ന വിവരം സർക്കുലറായി നല്കിയിട്ടുണ്ട്. വകുപ്പിൽ ഓൺലൈൻ ട്രാൻസ്ഫർ സംവിധാനം നടപ്പിലാക്കിയിട്ടുള്ളതിനാൽ, ഓൺലൈൻ അല്ലാതെയുള്ള അപേക്ഷകൾ സ്പാർക്ക് മുഖേന നടത്തുന്ന സ്ഥലം മാറ്റത്തിന് പരിഗണിക്കാൻ കഴിയില്ല എന്ന വസ്തുത ജീവനക്കാരെ അറിയിക്കുക എന്ന ഉദ്ദേശത്തോടെയാണ് സർക്കുലർ നിർദ്ദേശം നൽകിയിട്ടുള്ളത്. |
| (സി) | ഈ വർഷം ജനറൽ ട്രാൻസ്ഫർ അപേക്ഷ പ്രകാരം സ്ഥലമാറ്റം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തു കൊണ്ടെന്ന് വ്യക്തമാക്കാമോ; | (സി) | 2024 വർഷം ഓൺലൈൻ സ്ഥലംമാറ്റത്തിനുള്ള നടപടികൾ ആരംഭിക്കുകയും 29-04-2024-ലെ IGR/1042/2024-E1 നമ്പർ ആയി അതിനുള്ള ഷെഡ്യൂളും മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ലോക് സഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പെരുമാറ്റ ചട്ടം നിലവിലുണ്ടായിരുന്നതിനാൽ സമയബന്ധിതമായി സ്ഥലംമാറ്റ ഉത്തരവുകൾ പുറപ്പെടുവിക്കാൻ കഴിഞ്ഞിരുന്നില്ല. ഇപ്പോൾ സ്പാർക്കിൽ നിന്നും ജനറേറ്റ് ചെയ്ത കരട് സ്ഥലംമാറ്റ പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (ഡി) | രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ കാര്യാലയത്തിൽ മൂന്ന് വർഷത്തിൽ കൂടുതലായി | (ഡി) | അനുബന്ധമായി ചേർക്കുന്നു |

| | | | |
|---|---|---|---|
| | സേവനം അനുഷ്ഠിയ്ക്കുന്നവരുടെ വിവരങ്ങൾ ലഭ്യമാക്കുമോ; | | |
| (ഇ) | സർക്കാർ സർക്കുലറുകൾക്ക് വിരുദ്ധമായി ജീവനക്കാരെ 3 മുതൽ 20 വർഷം വരെയുള്ള കാലയളവ് ഒരു ഓഫീസിൽ തന്നെ നിലനിറുത്തുന്നതിന്റെ കാരണം വ്യക്തമാക്കുമോ? | (ഇ) | സർക്കാർ സർക്കുലറുകൾക്ക് വിരുദ്ധമായി ജീവനക്കാരെ രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ ഓഫീസിൽ നിലനിർത്തിയിട്ടില്ല. ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ 25.02.2017-ലെ സ.ഉ. (പി) നം. 3/2017/ഉഭപവ ഉത്തരവിൽ, ഒരു പ്രത്യേക സ്റ്റേഷനിൽ മൂന്ന് വർഷം സർവീസ് പൂർത്തിയാക്കിയെന്ന കാരണത്താൽ ഒരാളെ സ്ഥലംമാറ്റേണ്ടതില്ലെന്നും എന്നാൽ മൂന്ന് വർഷത്തിനപ്പുറം ഒരു ജീവനക്കാരനെയും ഒരേ സീറ്റിൽ/സെക്ഷനിൽ തുടരുന്നതിന് അനുവദിക്കേണ്ടതില്ലെന്നും അവരെ അതേ സ്റ്റേഷനുള്ളിലെ/ഓഫീസിനുള്ളിലെ മറ്റു സീറ്റുകളിലേക്ക്/സെക്ഷനുകളിലേക്ക് സ്ഥലം മാറ്റേണ്ടതാണെന്ന വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇപ്രകാരം സീറ്റ്/സെക്ഷൻ മാറ്റം ഇല്ലാതെ ഏതെങ്കിലും ജീവനക്കാരൻ മൂന്ന് വർഷത്തിനപ്പുറം രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ ഓഫീസിൽ തുടരുന്നുണ്ടെങ്കിൽ അപ്രകാരമുള്ള ജീവനക്കാരെ മറ്റു സീറ്റുകളിലേയ്ക്ക്/ സെക്ഷനുകളിലേയ്ക്ക് മാറ്റുന്ന കാര്യം പ്രത്യേകം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നമ്പർ | പേര് | തസ്തിക |
|---|---|---|
| 1 | പി.കെ.സാജൻ കുമാർ | രജിസ്ട്രേഷൻ ജോയിന്റ് ഇൻസ്പെക്ടർ ജനറൽ |
| 2 | കെ.എൻ.സുമംഗലാ ദേവി | ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ |
| 3 | സഞ്ജീവ്.എസ് | സീനിയർ സൂപ്രണ്ട് |
| 4 | മായ.ബി.നായർ | സീനിയർ സൂപ്രണ്ട് |
| 5 | ശ്രീവിശാഖ്.എം.ഗിരിനാഥ് | സീനിയർ സൂപ്രണ്ട് |
| 6 | റിസ.എം.എം | സീനിയർ സൂപ്രണ്ട് |
| 7 | ഷൈലജ.റ്റി.എസ് | ഫെയർ കോപ്പി സൂപ്രണ്ട് |
| 8 | പ്രവീണ.വി. | ഹെഡ് ക്ലർക്ക് |
| 9 | അജയഘോഷ്.എസ് | സീനിയർ ക്ലർക്ക് |
| 10 | പ്രവീൺ.ആർ.എസ് | സീനിയർ ക്ലർക്ക് |
| 11 | ഷെയ്ഖ സെയിൻ | സീനിയർ ക്ലർക്ക് |
| 12 | മനു.എസ്.കുമാർ | സീനിയർ ക്ലർക്ക് |
| 13 | സുസ്മിത.എസ്.ആർ | സീനിയർ ക്ലർക്ക് |
| 14 | സംഗീത.എസ്.ആർ | സീനിയർ ക്ലർക്ക് |
| 15 | മനോജ്.വി.നായർ | സീനിയർ ക്ലർക്ക് |
| 16 | നിഷ.സി.ആർ | സീനിയർ ക്ലർക്ക് |
| 17 | അനൂപ് ചന്ദ്രൻ.ആർ | സീനിയർ ക്ലർക്ക് |
| 18 | ഷീബ.ആർ | സീനിയർ ക്ലർക്ക് |
| 19 | ദീപ്തി.സി.എൽ | സീനിയർ ക്ലർക്ക് |
| 20 | രമ്യ.പി.എസ്.നായർ | സീനിയർ ക്ലർക്ക് |
| 21 | ജിജിൻ.വി.എസ് | സീനിയർ ക്ലർക്ക് |
| 22 | ഷെറിൻ റോയ്.സി.എസ് | സീനിയർ ക്ലർക്ക് |
| 23 | മഹേഷ്.പി | സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് |
| 24 | സാജൻ.റ്റി | സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് |
| 25 | ഷംലി.പി.എ | സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് |
| 26 | സുജിത്.വി.എസ് | എൽ.ഡി.ടൈപ്പിസ്റ്റ് |
| 27 | കാർത്തിക.കെ.പി | എൽ.ഡി.ടൈപ്പിസ്റ്റ് |

| | | |
|---|---|---|
| 28 | ജ്യോതി കൃഷ്ണൻ.കെ | ക്ലർക്ക് |
| 29 | സാജൻ.എസ്.നായർ | ക്ലർക്ക് |
| 30 | ശ്രീഗേഷ്.സി.വി | ക്ലർക്ക് |
| 31 | നിതിൻ.ആർ.ബി | ക്ലർക്ക് |
| 32 | ശരത് ചന്ദ്രൻ.സി | ക്ലർക്ക് |
| 33 | സതീഷ് കുമാർ.വി | ക്ലർക്ക് |
| 34 | സജയകുമാർ.വി | ക്ലർക്ക് |
| 35 | ബിനു.വി.എൻ. | ഡഫേദാർ |
| 36 | രശ്മി.എൽ | അറ്റൻഡർ |
| 37 | ഓമനക്കുട്ടൻ. കെ | ഓഫീസ് അറ്റൻഡന്റ് |
| 38 | സുഷകുമാരി.ബി.എസ്. | ഓഫീസ് അറ്റൻഡന്റ് |
| 39 | ജയദേവി.എ | ഓഫീസ് അറ്റൻഡന്റ് |
| 40 | നോബിൾ രാജ്.എസ്.എസ് | ഓഫീസ് അറ്റൻഡന്റ് |
| 41 | ഫാൻ സിംഗ് ജോൺ | നൈറ്റ് വാച്ചർ |
| 42 | പ്രദീപ്. വി | ഡ്രൈവർ ഗ്രേഡ് – I |
| 43 | സജേഷ് .പി.എസ് | സീനിയർ ഗ്രേഡ് ഡ്രൈവർ |
| 44 | സത്യപാലൻ. കെ.എ | ഡ്രൈവർ ഗ്രേഡ് – II |
| 45 | ജയന്തി.എസ് | പി.റ്റി.എസ്. |
| 46 | ലതകുമാരി.ജെ | പി.റ്റി.എസ്. |

**സെക്ഷൻ ഓഫീസർ**